ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) മൻ കി ബാത്തിൻറെ 126-ാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും.

   PM Narendra Modi to share thoughts with citizens today in the 126th edition of 'Mann Ki Baat'.

2) കരൂറിൽ തമിഴക വെട്രി കഴകം റാലിക്കിടെ തിക്കിലും തിരക്കിലും മരിച്ചവരുടെ എണ്ണം 39 ആയി. അപകടസാഹചര്യം പരിശോധിക്കാൻ നിർദേശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

   Death toll rises to 39 amid chaos during Tamizhaga Vetri Kazhagam rally in Karur; Union Home Ministry orders probe.

3) സ്വാതന്ത്ര്യം ലഭിച്ച നാൾ മുതൽ ഇന്ത്യ ഭീകരവാദത്തിനെതിരെ പ്രവർത്തിക്കുന്നതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   India has confronted the challenge of terrorism since independence, says External Affairs Minister S. Jaishankar.

4) യുഎൻ രക്ഷാസമിതിയിലെ ഇന്ത്യൻ സ്ഥിരം അംഗത്വത്തിനുള്ള പിന്തുണ ആവർത്തിച്ച് റഷ്യ.

   Russia reiterates support for India's permanent membership in the UN Security Council.

5) ഏഷ്യാകപ്പ് ടി 20 ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഇന്ത്യ- പാക് പോരാട്ടം.

India vs Pakistan clash today in the Asia Cup T20 final.

6) കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്

Isolated heavy rains likely in Kerala; yellow alert in four districts. Fishing banned along Kerala, Karnataka, and Lakshadweep coasts.

*****************************

## Mann Ki Baat

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് ഇന്ന് രാവിലെ 11 ന്. ദൂരദർശൻറെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമാകും. പരിപാടിയുടെ മലയാള പരിഭാഷയും തുടർന്നു കേൾക്കാം.

*****************************

## KARUR STAMPEDE

തമിഴ്നാട്ടിലെ കരൂറിൽ തമിഴക വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയ്, സംഘടിപ്പിച്ച റാലിക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും മരിച്ചവരുടെ എണ്ണം 39 ആയി. 50 ലധികം പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പത്ത് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും നൽകും. സംഭവം അന്വേഷിക്കാൻ വിരമിച്ച ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് അരുണ ജഗദീശന്റെ നേതൃത്വത്തിൽ കമ്മീഷനെ നിയോഗിച്ചു. കരൂറിൽ റാലിക്കിടെ അപകടമുണ്ടായ സാഹചര്യം പരിശോധിക്കാനും ദുരന്തത്തെ തുടർന്ന് സ്വീകരിച്ച രക്ഷാ ദുരിതാശ്വാസ നടപടികളുടെ വിശദാംശങ്ങൾ നൽകാനും കേന്ദ്ര ആഭ്യന്തര മന്ത്രാലയം തമിഴ്നാട് സർക്കാരിനോട് നിർദ്ദേശിച്ചു. അപകടത്തിൽ നടൻ വിജയ് അഗാധമായ ദുഃഖം രേഖപ്പെടുത്തി.

*****************************

## KARUR CONDOLENCE

കരൂർ അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയവർ അനുശോചിച്ചു. സംഭവം അതീവ ദുഃഖകരമാണെന്നും പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും രാഷ്ട്രപതി പറഞ്ഞു. ദുരന്തബാധിതർക്ക് ഈ പ്രതിസന്ധി ഘട്ടം തരണം ചെയ്യാനുള്ള ശക്തിയുണ്ടാകട്ടെയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ദുരന്തത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവരും അനുശോചനം രേഖപ്പെടുത്തി. സഹായം വാഗ്ദാനം ചെയ്ത് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിന് മുഖ്യമന്ത്രി കത്തയച്ചു.

******************************

## JAISHANKAR UNGA (INTRO)

സ്വാതന്ത്ര്യം ലഭിച്ച നാൾ മുതൽ ഇന്ത്യ ഇന്ത്യ ഭീകരവാദത്തിനെതിരെ പ്രവർത്തിക്കുന്നതായും ആഗോള ഭീകരവാദത്തിൻറെ കേന്ദ്രമാണ് ഇന്ത്യയുടെ അയൽപ്പക്കമെന്നും വിദേശകാര്യമന്ത്രി എസ് ജയശങ്കർ. യുഎൻ പൊതുസഭയുടെ 80-ാമത് സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. യുഎൻ തയ്യാറാക്കിയ ഭീകരരുടെ പട്ടികയിൽ കൂടുതലും ഒരൊറ്റ രാജ്യത്തെ ഭീകരരാണെന്നും അദ്ദേഹം പറഞ്ഞു. പഹൽഗാം ഭീകരാക്രമണം ഇതിന് ഉദാഹരണമാണെന്നും ശ്രീ ജയശങ്കർ പറഞ്ഞു.
(ഹോൾഡ് വോയ്സ്......)

******************************

## RAJNATH - CONCLAVE

വിമുക്ത സൈനിക ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന ദേശീയ കോൺക്ലേവ് - 2025, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നാളെ ഉദ്ഘാടനം ചെയ്യും. "വികസിത ഭാരതവും വിമുക്ത സൈനിക ക്ഷേമവും" എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ കോൺക്ലേവിൽ രാജ്യത്തുടനീളമുള്ള, സംസ്ഥാന - ജില്ലാ സൈനിക ബോർഡുകളുടെ പ്രതിനിധികൾ പങ്കെടുക്കും

******************************

## RUSSIA – INDIA UNSC SEAT

യുഎൻ രക്ഷാസമിതിയിലെ ഇന്ത്യൻ സ്ഥിരം അംഗത്വത്തിനുള്ള പിന്തുണ ആവർത്തിച്ച് റഷ്യ. നിലവിലെ ആഗോള സാഹചര്യത്തിന് അനുസരിച്ചു രക്ഷാ സമിതിയിൽ പരിഷ്കാരങ്ങൾ വേണമെന്ന് റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലവ്റോവ് 80-ാമത് യുഎൻ പൊതുസഭയിൽ അഭിപ്രായപ്പെട്ടു. ഏഷ്യ-ആഫ്രിക്ക-ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള പ്രാതിനിധ്യം വർധിപ്പിക്കാൻ സ്ഥിരം അംഗത്വം വേണമെന്ന ഇന്ത്യയുടേയും ബ്രസിലിന്റെയും ആവശ്യം റഷ്യ പിന്താങ്ങുന്നതായി അദ്ദേഹം വ്യക്തമാക്കി. അതേസമയം ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ സമഗ്ര പരിഷ്കരണത്തിന് പിന്തുണ നൽകുന്നതായും ഇന്ത്യയെയും ജപ്പാനെയും സ്ഥിരാംഗങ്ങളായി ഉൾപ്പെടുത്തണമെന്നും ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗെ ആവർത്തിച്ചു.

******************************

## REV. UNESCO-COLD DESERT

ഹിമാചൽ പ്രദേശിലെ ശീത മരുഭൂമി ജൈവ സംവരണ മേഖല യുനെസ്കോ പട്ടികയിൽ. ചൈനയിലെ ഹാങ്ഷൗവിൽ നടന്ന World Congress of Biosphere Reserve-ലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ആൽപൈൻ പുൽമേടുകൾ, ഹിമപ്പുലി, ഹിമാലയൻ കാട്ടാട് എന്നിവയ്ക്ക് പേരുകേട്ടതാണ് പ്രദേശം. World Network of Biosphere Reserves പട്ടികയിൽ ഉൾപ്പെടുന്ന ഇന്ത്യയുടെ 13-ാമത്തെ പ്രദേശമാണ് ഇത്.

******************************

## ANNOUNCEMENT

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെ കുറിച്ചുള്ള പ്രത്യേക ചർച്ചയുടെ രണ്ടാം ഭാഗം ഇന്ന് ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. വിഴിഞ്ഞം

ICAR- സെൻട്രൽ മെറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ സൂര്യ എസ്സ് സംസാരിക്കും.

******************************

## VICE PRESIDENT-BIHAR

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ബിഹാർ സന്ദർശിക്കും. പട്നയിൽ നടക്കുന്ന ഉന്മേഷ അന്താരാഷ്ട്ര സാഹിത്യ ഉത്സവത്തിൻറെ സമാപന സമ്മേളനത്തിൽ അദ്ദേഹം മുഖ്യ അതിഥിയായി പങ്കെടുക്കും. മുസാഫർപൂരിൽ ചാമുണ്ഡ ദേവി ക്ഷേത്രത്തിലും ശ്രീ രാധാകൃഷ്ണൻ ദർശനം നടത്തും.

******************************

## GST-ELECTRONICS AND AUTOMOBILE

ജിഎസ്ടി പരിഷ്കാരങ്ങൾ സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്ക് പ്രയോജനകരമാകുന്നു. രാജ്യത്തെ നികുതി വ്യവസ്ഥ ലളിതമാക്കാനുള്ള പ്രധാന ചുവടുവയ്പ്പുകളിൽ ഒന്നായിരുന്നു ജിഎസ്ടി പരിഷ്കരണം. എസി, ഡിഷ് വാഷർ, വലിയ എൽസിഡി, എൽഇഡി ടിവികൾ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുടെ ജിഎസ്ടി നിരക്കുകൾ 28 ൽ നിന്ന് 18 ശതമാനമായാണ് കുറയ്ച്ചത്.

******************************

## GST KERALA

കേരളത്തിൽ, ബാർ ഹോട്ടലുകളിൽ ജി.എസ്.ടി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനയിൽ കോടികളുടെ നികുതിവെട്ടിപ്പ് കണ്ടെത്തി. ഓപ്പറേഷൻ പ്രാൻസിങ് പോണി എന്ന പേരിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി 45 ബാർ ഹോട്ടലുകളിൽ 127.46 കോടിയുടെ വിറ്റുവരവ് വെട്ടിപ്പും, 12 കോടിയുടെ നികുതി വെട്ടിപ്പും കണ്ടെത്തിയിട്ടുണ്ട്.

******************************

## SEVA PARV - ATAL PENSION YOJANA(INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്രസർക്കാർ, അടൽ പെൻഷൻ യോജനയിലൂടെ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തിയത്

സംബന്ധിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവാപർവ്വിൽ ഇന്ന്.

(വോയ്സ്)

******************************

## ASIA CUP

ഏഷ്യ കപ്പ് ക്രിക്കറ്റ് കലാശപ്പോരാട്ടത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം. ഏഷ്യ കപ്പിന്റെ 41 വർഷ ചരിത്രത്തിനിടെ ഇതാദ്യമായാണ് ഇരു ടീമുകളും ഫൈനലിൽ ഏറ്റുമുട്ടുന്നത് . ഇന്ത്യ എട്ടു തവണ കിരീടം ചൂടിയിട്ടുണ്ട്. 2000, 2012 എന്നീ വർഷങ്ങളിലെ ജയത്തിനു ശേഷം മൂന്നാം കിരീടം തേടിയാവും പാക്കിസ്ഥാൻ ഇന്ന് ഇറങ്ങുക.

******************************

## SAFF

SAFF അണ്ടർ 17 ചാമ്പ്യൻഷിപ്പ് ഇന്ത്യക്ക്. കൊളംബോയിൽ നടന്ന കലാശപ്പോരാട്ടത്തിൽ ബംഗ്ളദേശിനെയാണ് ഇന്ത്യ കീഴടക്കിയത്. പെനാൽറ്റി ഷൂട്ടൗട്ടിൽ 4-1നാണു ഇന്ത്യയുടെ വിജയം.

******************************

## RAIN – KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************************

## KERALA RAJBHAVN

കേരള രാജ്ഭവൻ സംരംഭമായ ഇൻ-ഹൗസ് ജേണൽ 'രാജഹംസിൻ്റെ' പ്രകാശനം ഇന്ന് രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിൻ്റെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. രാജ്ഭവൻ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ശശി തരൂർ എംപി ആദ്യ പ്രതി ഏറ്റുവാങ്ങും.

******************************

## HRIDAYAPOORVAM

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഹൃദയാഘാത പ്രഥമ ശുശ്രൂഷയായ 'സിപിആർ' പരിശീലന ബോധവത്ക്കരണ യജ്ഞം ഹൃദയപൂർവത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിലാണ് പരിപാടി.

******************************

## AMOEBIC MENINGITIS

അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച റാന്നി പെരുന്നാട് സ്വദേശിയുടെ ആരോഗ്യനിലയിൽ പുരോഗതി. നിലവിൽ രോഗി കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. രോഗ ഉറവിടം കണ്ടെത്താൻ ഇദ്ദേഹത്തിന്റെ വീട്ടിലെയും ജോലിസ്ഥലത്തെയും വെള്ളത്തിൻ്റെ സാമ്പിളുകൾ തിരുവനന്തപുരം റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിലേക്ക് അയച്ചിട്ടുണ്ട്.

******************************

## RABBIES

ഇന്ന് ലോക പേവിഷബാധ ദിനം. രോഗത്തെക്കുറിച്ച് അവബോധം നൽകാനും അതിന്റെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകാനുമുള്ള ആഗോള ദിനമാണിന്ന്. റാബീസ് വാക്സിൻ വികസിപ്പിച്ച ലൂയി പാസ്ചറിന്റെ ചരമദിനമാണ് ലോക പേവിഷബാധ ദിനമായി ആചരിക്കുന്നത്.

*******************

**********

*******